കേരള സംസ്ഥാന ഭാഗ്യക്കുറി DHANALEKSHMI DL 45 DRAW RESULT 25/03/2026

ഒന്നാം സമ്മാനം ₹ 1 കോടി DB 597725 തൃശൂർ

സമാശ്വാസ സമ്മാനം ₹ 5000 DA 597725 DC 597725 DD 597725 DE 597725 DF 597725 DG 597725 DH 597725 DJ 597725 DK 597725 DL 597725 DM 597725

രണ്ടാം സമ്മാനം ₹30 ലക്ഷം DG 120820 [illegible]

മൂന്നാം സമ്മാനം ₹5 ലക്ഷം DF 709385 [illegible]

താഴെ കാണുന്ന നമ്പറുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0056 0450 1634 2641 3009 3413 3439 3834 4302 4402 5182 5682 6509 7113 7462 7913 8167 8686 9099

അഞ്ചാം സമ്മാനം ₹2000: 0077 0284 0407 5690 6119 7779

ആറാം സമ്മാനം ₹1000: 0658 0689 0761 0852 1415 1463 1658 3174 3262 3419 3542 3997 4150 4291 4505 5549 5962 6297 6476 6655 8427 8894 9541 9675 9855

ഏഴാം സമ്മാനം ₹500:
0035 0245 0439 0781 0854 0944 1112 1228 1340 1571 1654
1857 2049 2186 2524 2529 2567 2631 2729 2798 2842 2895 2955 3118
3295 3322 3383 3523 3567 3700 3749 3864 4070 4275 4425 4463 4487
4562 4593 4608 4615 4760 5340 5351 5389 5407 5469 6325 6498 6669
6708 6718 6978 6986 7209 7395 7511 7531 7609 7637 7877 7926 8508
8703 8706 8733 8883 8941 9209 9302 9305 9459 9558 9603 9650 9920

എട്ടാം സമ്മാനം ₹200:
0075 0100 0329 0543 0730 0768 0769 0774 0820 0864 0898 1131 1215
1240 1542 1577 2077 2635 2668 2687 2732 2829 2904 2951 2985 3031
3048 3078 3121 3210 3231 3261 3315 3468 3730 3789 3856 3961 4036
4055 4162 4228 4243 4385 4394 4442 4624 4785 4872 4929 5104 5206
5279 5297 5473 5595 5643 5865 6145 6244 6384 6386 6537 6592 6835
6838 6856 6861 6927 6949 7000 7195 7232 7291 7525 7529 7554 7562
7810 8029 8096 8102 8118 8291 8304 8329 8452 8913 9142 9189 9329
9428 9520 9768 9771 9795

ഒൻപതാം സമ്മാനം ₹100:
0019 0153 0268
0269 0404 0479 0489 0496 0504 0534 0638 0701 0756 0805 0827 0849
0851 0860 0909 1012 1046 1057 1061 1092 1117 1173 1217 1223 1232
1342 1350 1436 1438 1493 1527 1534 1588 1617 1864 1987 2109 2126
2132 2256 2377 2407 2604 2737 2763 3034 3040 3085 3097 3131 3144
3157 3158 3230 3243 3283 3309 3460 3604 3678 3701 3723 3768 3794
3828 3943 3987 4009 4068 4080 4167 4192 4375 4405 4429 4589 4612
4719 4740 4817 5036 5063 5170 5244 5675 5687 5792 5871 5876 5886
5890 5895 6122 6770 6791 7045 7062 7102 7175 7205 7240 7439 7611
7728 7787 7788 7829 8089 8239 8314 8350 8450 8503 8515 8662 8669
8754 8778 8794 8802 8822 8979 8989 9010 9183 9217 9392 9393 9474
9500 9505 9540 9588 9707

Union Bank

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
കണ്ണമാലി ശാഖ
ആന്റണി & മേരി മെമ്മോറിയൽ ബിൽഡിംഗ്, കണ്ണമാലി, കൊച്ചി-682008.
ഫോൺ: 0484 2247408, ഇ-മെയിൽ: ubin0534536@unionbankofindia.bank

പൊതു അറിയിപ്പ്

വിഷയം: ലോക്കർ നം. **AMA15**, ലോക്കർ എടുത്ത ആൾ: **ജോസ് മാത്യു, കെ.എ**

മുകളിൽ സൂചിപ്പിച്ച ലോക്കർ ഉടമയായ നിങ്ങൾ ലോക്കർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതാണ്, ബാങ്കിൽ ലഭ്യമായ വിലാസത്തിൽ വിവിധ നോട്ടീസുകൾ നൽകിയിട്ടും ബ്രാഞ്ചുമായി ബന്ധപ്പെടുന്നതിലും വീഴ്ച വരുത്തിയിട്ടുള്ളതാണ്, അതിനാൽ ഈ നോട്ടീസ് ലഭിച്ച തീയതി മുതൽ 04-05-2026 നകം ബാങ്കുമായി ബന്ധപ്പെടുകയും ബാങ്കിന്റെ കുടിശ്ശിക ഉടൻ തിരിച്ചടയ്ക്കുകയും ചെയ്യേണ്ടതാണ്

നിങ്ങൾ കുടിശ്ശിക അടച്ചിട്ടില്ല. കൂടാതെ കുടിശ്ശിക തിരിച്ചുപിടിക്കുന്നതിനായി ആവർത്തിച്ചുള്ള തുടർനടപടികൾ നടത്തിയിട്ടും നിങ്ങൾ ഇപ്പോഴും തിരിച്ചടവിൽ വീഴ്ചവരുത്തിയിരിക്കുകയാണ്. തൽഫലമായി, വാടകയ്ക്കെടുത്ത ലോക്കറിന്മേലുള്ള നിങ്ങളുടെ എല്ലാ അവകാശങ്ങളും നഷ്ടപ്പെടുകയും നിങ്ങൾക്ക് അനുവദിച്ച ലോക്കർ തിരികെ കൈവശപ്പെടുത്താൻ ബാങ്കിന് അധികാരമുണ്ടായിരിക്കുന്നതുമാണ്

വീണ്ടെടുക്കൽ അവകാശം വിനിയോഗിച്ച് ബാങ്ക് നിങ്ങളുടെ ലോക്കർ കൈവശപ്പെടുത്തുകയും നിങ്ങളുടെ ചെലവിൽ **04-05-2026 രാവിലെ 10:00 മണിക്ക്** ലോക്കർ തുറക്കാൻ തീരുമാനിക്കുകയുമുണ്ടായി.

04-05-2026 നകം കുടിശ്ശിക അടയ്ക്കാൻ നിങ്ങളോട് ഇതിനാൽ അഭ്യർത്ഥിക്കുന്നു

04-05-2026 നകം മുകളിൽ പറഞ്ഞ കുടിശ്ശിക അടയ്ക്കുന്നതിലും വസ്തുക്കൾ തിരിച്ചെടുക്കുന്നതിലും നിങ്ങൾ വീഴ്ച വരുത്തിയാൽ, മുകളിൽ പറഞ്ഞ കുടിശ്ശികകൾ, ചെലവുകൾ, വിൽപനച്ചെലവ് എന്നിവ നിറവേറ്റുന്നതിന് ആവശ്യമെന്ന് തോന്നുന്ന ലോക്കർ വസ്തുക്കൾ അല്ലെങ്കിൽ വസ്തുക്കളുടെ ഒരു ഭാഗം ബാങ്ക് വിൽപനയ്ക്ക് വയ്ക്കുമെന്ന കാര്യം ദയവായി ശ്രദ്ധിക്കുക.

ലേലത്തിനുശേഷം ശേഷിക്കുന്ന സാധനങ്ങൾ ഉണ്ടെങ്കിൽ, നിങ്ങൾ നൽകേണ്ട നിലവിലെ വാടകയുടെ ഇരട്ടി വാർഷിക വാടകയ്ക്ക് അവ സുരക്ഷിതമായ സ്ഥലത്ത് സൂക്ഷിക്കുമെന്ന കാര്യം ദയവായി ശ്രദ്ധിക്കുക.

തീയതി : **24-03-2026.** ചീഫ് മാനേജർ, കണ്ണമാലി ശാഖ.

SBI

ഭാരതീയ സ്റ്റേറ്റ് ബാങ്ക്
സ്ട്രെസ്ഡ് അസറ്റ്സ് റിക്കവറി ശാഖ -II, 40/947,
1-ാം നില ആർ.എസ്. ബിൽഡിംഗ് മെട്രോ പില്ലർ നം.697 ന് സമീപം, മഹാരാജാസ് കോളേജ് ഗ്രൗണ്ടിന് എതിർവശം, എം.ജി. റോഡ്, എറണാകുളം - 682011,
ഫോൺ: 0484-2365341, ഇ-മെയിൽ: sbi.70683@sbi.co.in

സ്ഥാവര വസ്തുവിന്റെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന നോട്ടീസ്.

ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തു ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, പ്രത്യക്ഷമായി കൈവശമെടുത്തിട്ടുള്ളതാണ്. വായ്പക്കാരനായ **ശ്രീ. രാജീവ് കുമാർ.സി**, ചന്ദ്രനിവാസ്, ചെമ്പക്കടവ് റോഡ്, ഇടപ്പള്ളി, എറണാകുളം- 682024 എന്നയാളിൽ നിന്നും ഭാരതീയ സ്റ്റേറ്റ് ബാങ്ക്, സ്ട്രെസ്ഡ് അസറ്റ്സ് റിക്കവറി ശാഖ -II, എറണാകുളത്തിന് ലഭിക്കാനുള്ള 25-03-2026 ലെ കുടിശ്ശിക തുകയായ **രൂപ 79,06,361/- (എഴുപത്തി ഒൻപത് ലക്ഷത്തി ആറായിരത്തി മുന്നൂറ്റി അറുപത്തി ഒന്ന് രൂപ)** യും പലിശയും മറ്റു ചെലവുകളും ഈടാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിട്ടുള്ള സ്ഥാവര വസ്തു **"ഇപ്പോൾ എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്നതിന്റെ അടിസ്ഥാനത്തിൽ **10-04-2026** ന് വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാരനെ/ജാമ്യക്കാരനെ/പൊതു ജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു.

താൽപര്യമുള്ള ലേലാർത്ഥി ഇ-ലേല തീയതിക്ക് മുമ്പായി പ്രീ ബിഡ്ഡ് ഇം.എം.ഡി. നിക്ഷേപിക്കേണ്ടതാണ്. ഇ-ലേല ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിൽ പ്രീ-ബിഡ്ഡ് ഇം.എം.ഡി വരവു വെയ്ക്കപ്പെട്ടതിന് ശേഷം മാത്രം ലേലാർത്ഥിക്ക് ലേലത്തിൽ പങ്കെടുക്കാനാവൂ. അതിനാൽ ലേലാർത്ഥി അവരുടെ സ്വന്തം താൽപര്യപ്രകാരം അവസാന നിമിഷത്തിലെ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് പ്രീ ബിഡ്ഡ് ഇം.എം.ഡി. തുക മുൻകൂട്ടി സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.

സ്ഥാവര വസ്തുവിന്റെ വിശദ വിവരണം.

തൃപ്പൂണിത്തുറ സബ് രജിസ്ട്രാർ ഓഫീസിൽ 18/12/2006 ലെ 5412/06-ാം നമ്പർ വിലയാധാര പ്രകാരം എറണാകുളം ജില്ലയിൽ, തൃപ്പൂണിത്തുറ ഉപജില്ലയിൽ, കണയന്നൂർ താലൂക്കിൽ, തിരുവാങ്കുളം വില്ലേജിൽ, ശ്രീ.രാജീവ്കുമാർ സി.യുടെ പേരിലുള്ള പഴയ സർവേ നം 854, റീ.സർവേ നം.394/2, ബ്ലോക്ക് നം. 10 ൽ പെട്ട **12.14** ആർസ് സ്ഥലത്തിലെ 2.19% വിഭജിക്കാത്ത അവകാശവും അതിലിരിപ്പ് ഹിൽപാലസ് അപ്പാർട്ട്മെന്റ് എന്നു പേരായ കെട്ടിടത്തിലെ ഗ്രൗണ്ട് ഫ്ളോറിൽ സ്ഥിതിചെയ്യുന്ന 122.44 ചതുരശ്ര മീറ്റർ (1318 ചതുരശ്ര അടി) വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റും (നം.H), ഹിൽപാലസ് അപ്പാർട്ട്മെന്റിലുള്ള പൊതു സ്ഥലത്തിന്റെയും കവചിത കാർപാർക്കിംഗ് സ്ഥലത്തിലെ വിഭജിക്കാത്ത അവകാശവും അതിലുള്ള സകലവിധ അവകാശങ്ങളുമാകുന്നു. **ഇപ്പോഴത്തെ അതിരുകൾ: വടക്ക്**: തരിശ് വസ്തു, സ്വകാര്യ റോഡ്; **തെക്ക്**: ക്രൈസ്റ്റ് സെമിനാരി റോഡ്; **കിഴക്ക്**: മലയിൽ ബിൽഡേഴ്സ് വക വസ്തു; **പടിഞ്ഞാറ്**: റോഡ് & ആപ്പിൾ ഹിൽ പാലസ് അപ്പാർട്ട്മെന്റ്സ് ഫേസ്-2 **അതിരുകൾ (ആധാര പ്രകാരം)**: വടക്ക്: തോമസ് വക വസ്തു, തെക്ക്: റോഡ്, **കിഴക്ക്**: മോഹൻദാസ് വക വസ്തു; പടിഞ്ഞാറ്: കൊച്ചുത്രേസ്യ വക വസ്തു.

(ബാധ്യതകൾ: ബാങ്കിന്റെ അറിവിൽ ബാധ്യതകൾ ഇല്ല)

കരുതൽ വില: രൂപ 30,00,000/-	നിരതദ്രവ്യ തുക: രൂപ 3,00,000/-

ബാങ്കിന്റെ അംഗീകൃത സേവന ദാതാവിന്റെ https://www.baanknet.com എന്ന വെബ്പോർട്ടൽ വഴി **10-04-2026** ന് രാവിലെ 11.00 മണിക്കും വൈകുന്നേരം 4.00 മണിക്കും ഇടയിലാണ് ലേലം നടത്തുക. (10 മിനിറ്റ് വീതം ക്ലിപ്തപ്പെടുത്താത്ത ദൈർഘ്യത്തോടുകൂടി). ലേല വർദ്ധന തുക രൂപ 10,000/- ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി "https://sbi.co.in" "https://www.baanknet.com" എന്നീ വെബ്സൈറ്റുകളിലെ ലിങ്ക് സന്ദർശിക്കുക.

സ്ഥലം: എറണാകുളം
തീയതി: 25-03-2026

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
ഭാരതീയ സ്റ്റേറ്റ് ബാങ്ക്

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

No. MOR4/6056420/26 തീയതി: 23/03/2026

വിൻഡോ പരസ്യം

വിൻഡോ പരസ്യം നം. C276136/2026

കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പബ്ലിക് മാർക്കറ്റുകൾ, പാർക്കിംഗ് സ്ഥലങ്ങൾ, ലാൻഡിംഗ് പ്ലേസുകൾ, ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം എടുക്കൽ, ടർഫ് പ്ലേ ഗ്രൗണ്ട് എന്നിവയ്ക്കുള്ള അവകാശങ്ങൾ ഏൽപ്പിക്കുന്നതിനും, 2026-27 വർഷത്തേക്ക് മുദ്രവെച്ച മത്സര സ്വഭാവമുള്ള ടെണ്ടറുകൾ/ഓഫറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടർ ഫോമുകൾ സ്വീകരിക്കുന്ന അവസാന തീയതി: 30.03.2026 1.00 PM ടെണ്ടറുകൾ തുറന്നു പരിശോധിക്കുന്ന തീയതി: 31.03.2026 11.00 AM വിശദവിവരങ്ങൾ www.coporationof cochin.net/lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ നമ്പർ: 0484 - 2369007 tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ 23.03.2026 തീയതിയിൽ പ്രസിദ്ധീകരിച്ചത് ലഭ്യമാണ്.

വെബ്സൈറ്റ്: www.kochicorporation.lsgkerala.gov.in

റവന്യൂ ഓഫീസർ,
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.

ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ തൃശ്ശൂർ മുമ്പാകെ
CC 637/25

കെ.ഐ. ആനന്ദൻ, കല്ലംപറമ്പിൽ (H), വരന്തരപ്പിള്ളി, വടക്കുംമുറി, P.O. വരന്തരപ്പിള്ളി, തൃശ്ശൂർ.

- ഹർജിക്കാരൻ -

രാജേഷ് ചന്ദ്രശേഖരപിള്ള, ചന്ദ്രകാന്തം (H), മന്നം P.O., നോർത്ത് പറവൂർ, എറണാകുളം- 683570.

- 3-ാം എതൃകക്ഷി -

മേൽ നമ്പർ കേസ് **31.03.2026**ന് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്
ഹർജിഭാഗം അഡ്വക്കേറ്റ്
എ.ഡി. ബെന്നി

BEFORE THE HON'BLE MOTOR ACCIDENTS CLAIMS TRIBUNAL PERUMBAVOOR

OP(MV) No.2465 /2023

Petitioner:Vidyasagar K.D etc 4 Vs
Respondents: Mithra B etc 3.
Notice to R1:Mithra B, D/o Usha, Ushus, Thamarakulam Road, Mannam P.O, North Paravur ,Ernakulam,Kerala-683520.
Take notice that the above case OP (MV): 2465 / 2023 is posted to 24-04-2026 at 11 am for your appearance. If you fail to appear before this Court,the petition will be decided in your absence.

Perumbavoor **Sarath.S**
24-03-2026 Advocate

നഷ്ടപ്പെട്ടു

എന്റെ പേരിലുള്ള അങ്കമാലി SRO യിലെ 1985 ലെ 3648-ാം നമ്പർ ആധാരത്തിന്റെ മുൻ പ്രമാണമായ ടി SRO യിലെ 1977 ലെ 548-ാം നമ്പർ ആധാരം നഷ്ടപ്പെട്ടു പോയിട്ടുള്ളതാണ്. ടി ആധാരം കിട്ടുന്നവർ താഴെ കാണുന്ന അഡ്രസ്സിൽ ഇന്നു മുതൽ 7 ദിവസത്തിനകം അറിയിക്കേണ്ടതും അല്ലാത്തപക്ഷം ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി എടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. എന്ന്

നെല്ലിശ്ശേരി ലോനപ്പൻ മകൻ
പൗലോസ്,
Mobile No. 7025020441

PUBLIC NOTICE

NOTICE is hereby given that my father Varghese was the owner of 2.16 Ares of land in Survey No.187/2 of Poonithura Village as per Sale Deed No. 1888 of 1975 of Thrippunithura Sub Registrar's Office. On the death of my father the property was devolved on the legal heirs including myself. The original of the said sale deed is irrecoverably lost or not traceable. All the legal heirs decided to transfer the said property. We have taken certified copy of the said deed. Anybody claiming any right or interest based on the said document over the said property are hereby requested to inform the same to me within 7 days from the date of publication of this notice otherwise it will be treated that nobody has got any claim or interest over the said property based on the missing deed.

Date: 26.3.2026 Sd/-

I.V.Micheal, son of Late Varghese.I.A, Ittypatta House, Palarivattom Desom Edappally South Village, Palarivattom P.O., Ernakulam – 682025.

IDBI BANK

CIN: L65190MH2004GOI148838
ഐ.ഡി.ബി.ഐ ബാങ്ക് ലിമിറ്റഡ്, പനമ്പിള്ളി നഗർ, കൊച്ചി 682036, ഫോൺ: 0484 2317326
ഇമെയിൽ: recoverykerala@idbi.co.in Web: www.idbibank.in

വീട്ടുപകരണങ്ങൾ വിൽപ്പനയ്ക്ക് താൽപര്യമുള്ള കക്ഷികളിൽ നിന്ന് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

(ഫർണിച്ചർ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് സാധനങ്ങൾ, അടുക്കള സാധനങ്ങൾ മുതലായവ) ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ റസിഡെൻഷ്യൽ ഫ്ളാറ്റ് സ്ഥിതി ചെയ്യുന്നത് 1) എളമക്കര, എറണാകുളം 2) ആലങ്ങാട് വില്ലേജ്, പറവൂർ താലൂക്ക്, എറണാകുളം, 3) നായരമ്പലം, എറണാകുളം. 4) മണക്കുന്നം, കണയന്നൂർ, എറണാകുളം.

താൽപര്യമുള്ള കക്ഷികൾ മുദ്രവച്ച കവറിൽ അംഗീകൃത ഉദ്യോഗസ്ഥൻ, ഐഡിബിഐ ബാങ്ക്, പനമ്പിള്ളി നഗർ, റിട്ടെയിൽ റിക്കവറി, കൊച്ചി എന്ന വിലാസത്തിൽ 27.03.2026 ന് വൈകുന്നേരം 5 മണിക്ക് മുൻപ് ക്വട്ടേഷൻ സമർപ്പിക്കണം. വിശദമായ വിൽപ്പനനിബന്ധനകൾക്കും ജംഗമ വസ്തുക്കളുടെ പട്ടികയ്ക്കും, നിങ്ങൾക്ക് മുകളിൽ പറഞ്ഞ വിലാസത്തിൽ ബന്ധപ്പെടാം.

ഏറ്റവും കുറഞ്ഞ കരുതൽ വില	ഐറ്റം നം. 1	23,650 രൂപ
	ഐറ്റം നം. 2	1000 രൂപ
	ഐറ്റം നം. 3	28,850 രൂപ
	ഐറ്റം നം. 4	1000 രൂപ

27.03.2026 ന് രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 വരെ പരിശോധന നടത്താം. ക്വട്ടേഷൻ തുറക്കുന്ന തീയതി 30.03.2026 ന് രാവിലെ 11.00 മുതൽ ഉച്ചയ്ക്ക് 12.00 വരെ.

തീയതി : 24.03.2026
സ്ഥലം: കൊച്ചി

അധികാരപ്പെടുത്തിയ ഓഫീസർ (ഒപ്പ്)
ഐ.ഡി.ബി.ഐ ബാങ്ക് ലിമിറ്റഡ്.

ആധാരം നഷ്ടപ്പെട്ടു

എന്റെയും എന്റെ ഭർത്താവ് ജെയ്മോൻ പോളിന്റെയും പേരിൽ അങ്കമാലി SRO യിൽ രജിസ്റ്റർ ചെയ്ത 2014 ലെ 3458-ാം നമ്പർ തീറാധാരത്തിന്റെ മുന്നാധാരമായ മൂക്കന്നൂർ കരയിൽ അമ്പാട്ട് ഗോപി മകൻ രമേഷ്, ടിയാന്റെ ഭാര്യ ജിജി ബായ് എന്നി വരുടെ പേരിലുള്ളതും, അങ്കമാലി SRO യിൽ രജിസ്റ്റർ ചെയ്തതുമായ 2013 ലെ 3236-ാം നമ്പർ തീറാധാരം നഷ്ടപ്പെട്ട് പോയിട്ടുള്ളതാണ്. ആയതു കണ്ട് കിട്ടുന്നവർ ഇന്ന് മുതൽ ഏഴ് ദിവസത്തിനകം താഴെ കാണുന്ന വിലാസത്തിലോ, ഫോൺ നമ്പറിലോ, ബന്ധപ്പെട്ട് തിരികെ നൽകുവാൻ താൽപ്പര്യപ്പെടുന്നു. ടി അവധിക്ക് ശേഷം ആയത് തിരികെ കിട്ടാത്ത പക്ഷം ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി അപേക്ഷിച്ച് വാങ്ങി ഒറിജിനൽ പ്രമാണമായി ഉപയോഗിക്കുന്നതാണ്.

എന്ന് ലിജി ജെയ്മോൻ, ചിറയ്ക്കൽ,
താബോർ പി.ഒ.പിൻ 683577.
ഫോൺ.5161409953

---

punjab national bank ...the name you can BANK upon!

BO: ARMB, പി.എൻ.ബി.ഹൗസ്, മാർക്കറ്റ് റോഡ്, എറണാകുളം - 682 011, Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവരവസ്തുക്കളുടെ വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002ന്റെ പ്രൊവിഷോ റൂൾ 8(6) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുവിന്റെ ഇ-വിൽപ്പന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതായ വസ്തുക്കൾ ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവരവസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ലേല തീയതിയും സമയവും: 28.04.2026 രാവിലെ 11.00 മണി മുതൽ വൈകീട്ട് 5.00 മണി വരെ

ഈട് വസ്തുക്കളുടെ പട്ടിക

ക്രമ നം.	ശാഖയുടെ പേര്/ വായ്പക്കാർ/ വസ്തു ഉടമസ്ഥർ/ ജാമ്യക്കാരുടെ പേര്	വസ്തുവിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി. ബി) കുടിശ്ശിക തുക. സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി ഡി) കൈവശപ്പെടുത്ത രീതി പ്രതീകാത്മക/പ്രത്യക്ഷമായി/ക്രിയാത്മകമായി	(എ) കരുതൽ വില (ബി) നിരതദ്രവ്യം (സി) ലേല വർദ്ധന തുക
1	**PNB- ARMB എറണാകുളം** **M/s കെ.എം.പി. ഇൻഡസ്ട്രീസ്**, H.O.: പി.എം. റോഡ്, മൂവ്വാറ്റുപുഴ, എറണാകുളം- 686673. **ശ്രീ. കെ.എം. മൂസ** (പാർട്ട്ണർ), M/s കെ.എം.പി. ഇൻഡസ്ട്രീസ്, S/o മൈതീൻ, കോട്ടക്കുന്നേൽ, മൂവ്വാറ്റുപുഴ, എറണാകുളം- 686673 **ശ്രീ. കെ.എം. പരീത്** (പാർട്ട്ണർ), M/s കെ.എം.പി. ഇൻഡസ്ട്രീസ്, S/o മൈതീൻ, കോട്ടക്കുന്നേൽ, മൂവ്വാറ്റുപുഴ, എറണാകുളം- 686673. **ശ്രീ. കെ.പി. ഷൈനേജ്** (മാനേജിംഗ് പാർട്ട്ണർ), M/s കെ.എം.പി. ഇൻഡസ്ട്രീസ്, S/o കെ.എം. പരീത്, കോട്ടക്കുന്നേൽ, മൂവ്വാറ്റുപുഴ, എറണാകുളം- 686673. **ശ്രീമതി. എൻ.എം. നബീസ** (പാർട്ട്ണർ), M/s കെ.എം.പി. ഇൻഡസ്ട്രീസ്, കോട്ടക്കുന്നേൽ, മൂവ്വാറ്റുപുഴ, എറണാകുളം- 686673. **ശ്രീമതി. പി.എം. റജീന** (പാർട്ട്ണർ), M/s. കെ.എം.പി. ഇൻഡസ്ട്രീസ്, കോട്ടക്കുന്നേൽ, മൂവ്വാറ്റുപുഴ, എറണാകുളം- 686673.	ശ്രീ. കെ.എം. പരീത് എന്നയാളുടെ പേരിൽ മൂവ്വാറ്റുപുഴ വില്ലേജിൽ, തണ്ടപ്പേർ നമ്പർ 7359ൽ സർവ്വേ നമ്പർ 125/7A ൽ ഉൾപ്പെട്ട 1 ഏക്കർ 21 സെന്റ് ഉം സർവ്വേ നമ്പർ 125/7C ൽ ഉൾപ്പെട്ട 21.500 സെന്റും ചേർന്ന സ്ഥലവും (തോട്ടഭൂമി) മുഴുവൻ ചമയങ്ങളും. അതിരുകൾ: **വടക്ക്**: റിയാസ്, സലീം, മൂസ എന്നിവർ വക വസ്തു, **തെക്ക്**: മൂസ വക വസ്തു, **കിഴക്ക്**: മൂസ വക വസ്തു, **പടിഞ്ഞാറ്**: എച്ച്.എം. ട്രെയിനിംഗ് കോളേജ് വക വസ്തുവും ഹെൽത്ത് സെന്ററും.	A) 13(2)-21.02.2019 B) 28.02.2026ലെ കുടിശ്ശിക തുക **Rs.3,02,27,649.45** (മൂന്ന് കോടി രണ്ട് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അറുന്നൂറ്റി നാൽപ്പത്തിയൊൻപത് രൂപ നാൽപ്പത്തിയഞ്ച് പൈസ)യും അതിന്മേലുള്ള പലിശയും മറ്റ് ചെലവുകളും. C) കൈവശമെടുത്ത തീയതി 21.05.2019 D) പ്രതീകാത്മക കൈവശം	**a) Rs. 78,00,000/-** (എഴുപത്തിയെട്ട് ലക്ഷം രൂപ) **b) Rs. 7,80,000/-** (ഏഴ് ലക്ഷത്തി എൺപതിനായിരം രൂപ) **c) Rs. 1,00,000/-** (ഒരു ലക്ഷം രൂപ)

സെക്യൂർഡ് ക്രെഡിറ്ററുടെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകൾ ഇല്ല. ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു.

ഇ-ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: (1) വിൽപ്പന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെ പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (2) വസ്തുക്കളുടെ വിൽപ്പന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും (3) അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണ വിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്താവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. (4) അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും ലേലം നീട്ടി വെയ്ക്കുന്നതിനോ/ റദ്ദ് ചെയ്യുന്നതിനോ/ മാറ്റിവെയ്ക്കുന്നതിനോ വിൽപ്പനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. (5) കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. (6) ലേല വിൽപ്പന ഓൺലൈൻ മുഖാന്തിരം **28.04.2026** രാവിലെ 11.00 മണി മുതൽ വൈകീട്ട് 5.00 മണി വരെ **https://Baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. (7) ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https://Baanknet.com** & www.pnb.bank.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക

സ്ഥലം: എറണാകുളം
തീയതി: 23.03.2026

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ,
പഞ്ചാബ് നാഷണൽ ബാങ്ക്, ARMB, എറണാകുളം.

സത്യവാങ്മൂലം സമർപ്പിക്കാൻ അനുമതി

കൊച്ചി: സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ സ്ഥിരം വി.സിമാരെ നിയമിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ അധിക സത്യവാങ്മൂലം സമർപ്പിക്കാൻ ഹൈകോടതിയുടെ അനുമതി തേടി ഹർജിക്കാരി. ഹർജിയിലെ ചില ആരോപണങ്ങളിലടക്കം കൂടുതൽ വ്യക്തത വരുത്താനുള്ളതിനാൽ അധിക സത്യവാങ്മൂലം നൽകാനാണ് ഹർജിക്കാരിയായ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് മുൻ അധ്യാപിക ഡോ.മേരി ജോർജ് അനുമതി തേടിയത്. വി.സി നിയമനങ്ങൾക്കുള്ള സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് ചാൻസലറും സർക്കാറും തമ്മിലെ തർക്കമാണ് നിയമനങ്ങൾ വൈകാൻ കാരണമെന്നും സ്ഥിര നിയമനം നടത്താൻ നിർദേശം നൽകണമെന്നുമാവശ്യപ്പെട്ടാണ് ഹർജി. തുടർന്ന് അധിക സത്യവാങ്മൂലം നൽകാൻ അനുമതി നൽകിയ കോടതി ഹർജി വീണ്ടും മെയ് 20ന് പരിഗണിക്കാൻ മാറ്റി.

ലത്തീൻ സഭയ്ക്കെതിരായ പ്രതിപക്ഷ നേതാവിന്റെ വോട്ട് ബാങ്ക് പരാമർശം വിവാദത്തിലേക്ക്

മട്ടാഞ്ചേരി: വോട്ട് ബാങ്ക് ഉണ്ടെങ്കിൽ അത് കയ്യിൽ വെച്ചാൽ മതിയെന്ന് ലത്തീൻ സഭയെ പരോക്ഷമായി വിമർശിച്ച് കൊണ്ടുള്ള പ്രതിപക്ഷ നേതാവ് വി.ഡി സതീശന്റെ വോട്ട് ബാങ്ക് പരാമർശം വിവാദത്തിൽ.

തിങ്കളാഴ്ച തോപ്പുംപടിയിൽ നടന്ന യു.ഡി.എഫ് കൊച്ചി മണ്ഡലം തെരഞ്ഞെടുപ്പ് കൺവെൻഷൻ ഉദ്ഘാടന വേളയിലാണ് വി.ഡി സതീശൻ വോട്ട് ബാങ്ക് ഉണ്ടെങ്കിൽ അത് കയ്യിൽ വെച്ചാൽ മതിയെന്ന് ലത്തീൻ സഭയെ പരോക്ഷമായി വിമർശിച്ച് കൊണ്ട് പറഞ്ഞത്. ഇതാണ് ഇപ്പോൾ വലിയ വിവാദമായി മാറിയിരിക്കുന്നത്. പരാമർശം സമൂഹമാധ്യമങ്ങളിലും വാർത്താ ചാനലുകളിലും വലിയ ചർച്ചയായതോടെ പ്രതിപക്ഷ നേതാവ് ഇതിൽ ഇന്നലെ വ്യക്തത വരുത്തി രംഗത്ത് വരികയും ചെയ്തു. ലത്തീൻ സഭ വർഗീയത പറയുന്നെന്ന് പറഞ്ഞിട്ടില്ലെന്നും അവർ ഒരിക്കലും വർഗീയത പറയുകയില്ലെന്നും തന്റെ പരാമർശം ചില മാധ്യമങ്ങൾ കട്ട് ചെയ്ത് പ്രചരിപ്പിക്കുകയായിരുന്നെന്നും സതീശൻ വിശദീകരിച്ചു. അതേസമയം

സതീശന്റെ പരാമർശത്തിനെതിരെ കൊച്ചി രൂപതയിലെ പ്രധാന വൈദികനായ ഫാ.ജോഷി മയ്യാറ്റിൽ രംഗത്തെത്തിയതും ശ്രദ്ധേയമാണ്. ഫെയ്സ് ബുക്കിലാണ് വൈദികൻ തന്റെ അഭിപ്രായം രേഖപ്പെടുത്തിയത്. വോട്ട് നൽകാനുള്ളതല്ലേ കയ്യിൽ വെയ്ക്കാനുള്ളതല്ലല്ലോ എന്ന പരാമർശമാണ് വൈദികൻ ഫെയ്സ് ബുക്കിൽ രേഖപ്പെടുത്തിയത്. പോസ്റ്റിൽ അനുകൂലിച്ചും പ്രതികൂലിച്ചും ധാരാളം അഭിപ്രായങ്ങളും വരുന്നുണ്ട്. സ്ഥാനാർഥി നിർണയവുമായി ബന്ധപ്പെട്ട് ഇടഞ്ഞ് നിൽക്കുന്ന കൊച്ചി രൂപതയെ അനുനയിപ്പിക്കാൻ വി.ഡി സതീശനും ഹൈബി ഈഡനും ഞായറാഴ്ച രൂപത ആസ്ഥാനത്ത് എത്തിയതും വാർത്തയായിരുന്നു. ഇതിന്റെ അടുത്ത ദിവസമാണ് പ്രതിപക്ഷ നേതാവ് വിവാദ പരാമർശം നടത്തിയതെന്നതും ശ്രദ്ധേയമാണ്.

റെജി ചെറിയാന്റെ പത്രിക സ്വീകരിച്ചു

ആലപ്പുഴ: അനിശ്ചിതത്വങ്ങൾക്കൊടുവിൽ കുട്ടനാട്ടിലെ യു.ഡി.എഫ്. സ്ഥാനാർഥി റെജി ചെറിയാന്റെ നാമനിർദേശ പത്രിക സ്വീകരിച്ചു.

വിശദമായ പരിശോധനയ്ക്കും ഹിയറിങ്ങിനും ശേഷമാണ് ഇന്നലെ പത്രിക സ്വീകരിച്ചത്. കേസ് വിവരങ്ങൾ രേഖപ്പെടുത്താത്തതുമൂലമായിരുന്നു പരിശോധന ഇന്നലത്തേക്കു മാറ്റിയത്. എൽ.ഡി.എഫാണ് റെജി ചെറിയന്റെ പത്രികയിൽ ആക്ഷേപം ഉന്നയിച്ചത്.

മൂന്നു സെറ്റ് പത്രികയാണു റെജി ചെറിയാൻ സമർപ്പിച്ചിരുന്നത്. ഒരു സെറ്റ് പത്രിക പിന്തുണച്ചവരുടെ പേര് വിവരങ്ങളില്ലാത്തതിനാൽ തള്ളുകയായിരുന്നു.

സത്യം ജയിച്ചെന്നും പരാജയ ഭീതികൊണ്ടാണ് എൽ.ഡി.എഫ്. പരാതി നൽകിയതെന്നും റെജി ചെറിയാൻ പ്രതികരിച്ചു.

നഷ്ടപ്പെട്ടു

എന്റെ പേരിലുള്ള ചെങ്ങമനാട് SRO യിലെ 2006 ലെ 5433-ാം നമ്പർ ആധാരം നഷ്ടപ്പെട്ടു പോയിട്ടുള്ളതാണ്. ടി ആധാരം കിട്ടുന്നവർ താഴെ കാണുന്ന അഡ്രസ്സിൽ ഇന്നു മുതൽ 7 ദിവസത്തിനകം അറിയിക്കേണ്ടതും അല്ലാത്തപക്ഷം ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി എടുത്ത് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതുമാണ്. എന്ന്

കണ്ടത്തിൽ വർക്കി മകൻ
കെ.വി.സോമൻകാക്കനാട്,
Mobile No. 9995600658

CHANGE OF NAME

I, Antony Jolly Naduvilethara Lawrence Holder of Passport Number A2819265 Residing at Naduvilethara house, Jawahar road, Kumbalanghy, Ernakulam Dist. do hereby change my name to Antony Jolly.

എമർജിംഗ് ബ്രാൻഡ് പുരസ്കാരം കിർത്തിലാൽസിന്റെ ഗ്ലോയ്ക്ക്

കൊച്ചി: വജ്രാഭരണ ബ്രാൻഡായ കിർത്തിലാൽസിന്റെ ഉപവിഭാഗമായ തൃശൂരിലെ ഗ്ലോ ബൈ കിർത്തിലാൽസ്, 2026-ലെ റീട്ടെയിൽ ജ്വല്ലർ സർക്കിൾ ഓഫ് എക്സലൻസ് സൗത്ത് പുരസ്കാര വേദിയിൽ എമർജിംഗ് ബ്രാൻഡ് ഓഫ് ദ ഇയർ ബഹുമതി സ്വന്തമാക്കി. ബെംഗളൂരുവിൽ നടന്ന റീട്ടെയിൽ ജ്വല്ലർ ഇന്ത്യ ഫോറത്തിൽ വെച്ച് ജെമ്മോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (ജിഐഎ) എംഡി അമിത് പ്രതിഹാരിയിൽ നിന്ന് കീർത്തിലാൽസ് എവിപി രഘുനാഥ്, ബിസിനസ് സ്ട്രാറ്റജി ഡയറക്ടർ സൂരജ് ശാന്തകുമാർ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി. റീടെയ്ൽ ജ്വല്ലർ ഇന്ത്യ പബ്ലിഷർ സമിത് ഭട്ട, ലക്ഷ്മി ഡയമണ്ട്സ് സിഎംഡി ചേതൻ കുമാർ മേത്ത തുടങ്ങിയവർ പങ്കെടുത്തു.

കേശ്വിൻ ഹ്യുണ്ടായിയിൽ ഓഫറുകൾ

കൊച്ചി: വാഹനം സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്കായി വമ്പിച്ച ആനുകൂല്യങ്ങളൊരുക്കി കേശ്വിൻ ഹ്യുണ്ടായ്. ഹ്യുണ്ടായിയുടെ വിവിധമോഡലുകൾക്ക് 1 ലക്ഷംരൂപവരെയുള്ള പ്രത്യേക ഡിസ്കൗണ്ട് കേശ്വിൻ ഹ്യുണ്ടായിയിൽ ലഭ്യമാണ്. ടാക്സി വിപണിയിലെ പ്രിയതാരമായ ഹ്യുണ്ടായ്പ്രൈം എസ്.ഡി. ഇപ്പോൾ വെറും 6.89 ലക്ഷംരൂപ പ്രാരംഭവിലയിൽ കേശ്വിൻ ഹ്യുണ്ടായിൽ നിന്ന് സ്വന്തമാക്കാം.ഉപഭോക്താക്കൾക്ക് കൂടുതൽ വേഗത്തിലും എളുപ്പത്തിലും സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കേശ്വിൻ ഹ്യുണ്ടായ് തങ്ങളുടെ ശൃംഖലകൂടുതൽ വിപുലീകരിച്ചിട്ടുണ്ട്. നിലവിൽ മാമംഗലത്തും കളമശ്ശേരിയിലുമുള്ള സെയിൽസ് ഷോറൂമുകൾക്ക് പുറമെ, എളമക്കരയിലും പത്തടിപ്പാലത്തുംഅത്യാധുനിക സർവീസ് സെന്ററുകളും പ്രവർത്തിക്കുന്നു. കൂടാതെ കോട്ടയത്ത് പുതിയഷോറൂം ഉടൻ പ്രവർത്തനമാരംഭിക്കും. വിവരങ്ങൾക്ക്: 96976 61111.

ടാറ്റ എ.ഐ.എ. ലൈഫ് മൂന്ന് ഫണ്ടുകൾ അവതരിപ്പിച്ചു

കൊച്ചി: നിക്ഷേപകർക്ക് പുതിയ അവസരം നൽകുന്ന മൂന്നു പുതിയ ഫണ്ടുകൾ ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് അവതരിപ്പിച്ചു. ഇവയ്ക്കൊപ്പം ടാറ്റാ എഐഎയുടെ യൂണിറ്റ് ലിങ്ക് ഇൻഷുറൻസ് പദ്ധതികളിലൂടെയുള്ള ലൈഫ് ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും. ടാറ്റ എഐഎ ലാർജ് മിഡ് ക്യാപ് ഇന്നൊവേഷൻ ഫണ്ട്, ടാറ്റ എഐഎ ലാർജ് മിഡ് ക്യാപ് ഇന്നൊവേഷൻ പെൻഷൻ ഫണ്ട്, ടാറ്റ എഐഎ ഗ്ലോബൽ എഐ ആൻറ് ടെക്നോളജി ലീഡേഴ്സ് ഫണ്ട് എന്നിവയാണ് പുതിയ ഫണ്ടുകൾ.

ഫണ്ട് ഓഫർ 31 വരെ തുടരും. ആഭ്യന്തര ഫണ്ടുകൾക്ക് പത്തു രൂപയും ആഗോള ഫണ്ടിന് പത്തു ഡോളറും എന്ന എൻഎവിയിലാവും യൂണിറ്റുകൾ വിതരണം ചെയ്യുക.

കുടുംബ ബിസിനസുകൾ പുറമെയുള്ള നിക്ഷേപകരെ സ്വീകരിക്കാൻ സജ്ജരാകണം:ടി.എസ്.കല്യാണ രാമൻ

കൊച്ചി: കുടുംബ ബിസിനസുകൾ പുതിയ തലങ്ങളിലേക്ക് വളരാൻ പുറമെ നിന്നുള്ള നിക്ഷേപകരെ സ്വീകരിക്കാൻ തയാറാകണമെന്ന് കല്യാൺ ജൂവല്ലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ. ധനം ബിസിനസ് മീഡിയയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന രണ്ടാമത് ഫാമിലി ബിസിനസ് കോൺക്ലേവിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സാധാരണഗതിയിൽ മൂന്ന് തലമുറകൾ കഴിയുമ്പോൾ ഫാമിലി ബിസിനസിൽ വളർച്ച മുരടിക്കുമെന്നാണ് പലരും പറയുന്നത്. എന്നാൽ ഇന്ത്യയിൽ കുടുംബ ബിസിനസിൽ വളർച്ച കൂടുതലാണ്. നാലും അഞ്ചും തലമുറയായി തുടരുന്ന കമ്പനികളുണ്ട്. സ്റ്റാഫിനോടും കസ്റ്റമേഴ്സിനോടും നല്ലരീതിയിൽ പെരുമാറുകയെന്നത് ഏതൊരു ബിസിനസിലും പ്രധാനപ്പെട്ടതാണ്. തിയററ്റിക്കൽ എക്സ്പീരിയൻസിനേക്കാൾ മുകളിലാണ് പ്രാക്ടിക്കൽ എക്സ്പീരിയൻസെന്നും ടി.എസ്. കല്യാണരാമൻ കൂട്ടിച്ചേർത്തു.

പ്രഫ. കാവിൽ രാമചന്ദ്രൻ പ്രഭാഷണം നടത്തി. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള 300ലേറെ പേർ പ്രതിനിധികളായെത്തിയ കോൺക്ലേവിൽ മുത്തൂറ്റ് ഫിനാൻസ് എംഡി ജോർജ് അലക്സാണ്ടർ, സിന്തൈറ്റ് ഗ്രൂപ്പ് എംഡി അജുജേക്കബ്, എവിഎ ഗ്രൂപ്പ് എംഡി എ.വി അനൂപ്, ഗ്രൂപ്പ് മീരാൻ ചെയർമാൻ നവാസ് മീരാൻ തുടങ്ങി 25 ലധികം പ്രാഭഷകർ പങ്കെടുത്തു.

എ.ആർ. റഹ്മാൻ ബ്രാൻഡ് അംബാസഡർ

കൊച്ചി: യമഹ മ്യൂസിക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ബ്രാൻഡ് അംബാസഡറായി സംഗീത സംവിധായകൻ എ.ആർ. റഹ്മാൻ. യുവ കലാകാരന്മാരെ പരിശീലിപ്പിക്കുകയും സംഗീത വിദ്യാഭ്യാസം ശക്തിപ്പെടുത്തുകയും ചെയ്താൽ, ഇന്ത്യൻ സംഗീതജ്ഞർക്ക് ആഗോള വേദിയിൽ ഏറെ മുന്നേറാൻ കഴിയുമെന്ന് എ.ആർ. റഹ്മാൻ പറഞ്ഞു.

എൽ.പി.ജി. വിതരണ നിയന്ത്രണം: ഉപയോക്താക്കൾക്കുള്ള നിർദേശങ്ങൾ

തിരുവനന്തപുരം: മധ്യപൂർവ ഏഷ്യയിൽ നിലവിലുള്ള യുദ്ധസാഹചര്യത്തിന്റെ പശ്ചാത്തലത്തിൽ ദ്രവീകൃത പെട്രോളിയം വാതകം (എൽ.പി.ജി.) വിതരണത്തിൽ രാജ്യവ്യാപകമായി നിയന്ത്രണങ്ങളും വിതരണവുമായി ബന്ധപ്പെട്ടുള്ള നിർദേശങ്ങളും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ സംസ്ഥാനത്ത് എൽ.പി.ജി. വിതരണത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

ഇതുമായി ബന്ധപ്പെട്ട് നടപടികൾ ഏകോപിപ്പിക്കാനും നിർദേശങ്ങൾ നൽകാനും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി കൺവീനർ ആയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ മെമ്പർമാർ ആയും സ്റ്റേറ്റ് ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ഇതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ നോഡൽ വകുപ്പായും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മിഷണറെ സ്റ്റേറ്റ് നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

വാണിജ്യ എൽ.പി.ജി. ഉപയോക്താക്കൾ ശ്രദ്ധിക്കേണ്ട പ്രധാന നിർദേശങ്ങൾ:

വിതരണ നിയന്ത്രണം:

നിലവിലെ സാഹചര്യത്തിൽ വാണിജ്യ എൽ.പി.ജി. സിലിണ്ടറുകളുടെ വിതരണം നിയന്ത്രിത രീതിയിലായിരിക്കും. സർക്കാർ നിർദേശങ്ങൾ അനുസരിച്ച് നിർദിഷ്ട മേഖലകൾക്ക് മുൻഗണന നൽകി വിതരണം നടത്തും.

മുൻഗണന മേഖലകൾ:

ആശുപത്രികൾ, അംഗണവാടികൾ അടക്കമുള്ള സ്കൂളുകൾ, ശ്മശാനങ്ങൾ, ഇൻഡസ്ട്രിയൽ കാന്റീനുകൾ, സ്കൂൾ കോളജ് ഹോസ്റ്റലുകൾ, കമ്യൂണിറ്റി കിച്ചൺ / സുഭിക്ഷ ഹോട്ടൽ, വൃദ്ധസദനങ്ങൾ / അനാഥാലയങ്ങൾ എന്നിവയുടെ യഥാർഥ ആവശ്യകതയുടെ 100 ശതമാനം ലഭ്യമാക്കും.

അർധ മുൻഗണനാ മേഖലകൾ

ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കാന്റീനുകൾ, ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ, സർക്കാർ/തദ്ദേശ സ്ഥാപനങ്ങൾ നടത്തുന്ന കിച്ചണുകൾ, മൈഗ്രന്റ് തൊഴിലാളികൾക്കുള്ള 5 കിലോ എൽ.പി.ജി. തുടങ്ങിയ മേഖലകൾക്ക് പ്രത്യേക ഇളവ് നൽകി അവരുടെ യഥാർഥ ആവശ്യകതയുടെ 40% ലഭ്യമാക്കും.

പി.എൻ.ജി. നടപടി:

എല്ലാ വാണിജ്യ/ഇൻഡസ്ട്രിയൽ എൽ.പി.ജി. ഉപയോക്താക്കളും അവരുടെ പ്രദേശത്ത് സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ ലഭ്യമാണെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽനിന്നു പൈപ്പ് ലൈൻ നാചുറൽ ഗ്യാസ് കണക്ഷൻ ലഭ്യമാക്കാൻ ഉടൻ അപേക്ഷിക്കേണ്ടതാണ്. പി.എൻ.ജി. സൗകര്യം ലഭ്യമാകുന്നിടത്ത് അതിലേക്ക് മാറാനുള്ള നടപടികൾ സ്വീകരിക്കാത്ത പക്ഷം ഭാവിയിൽ എൽ.പി.ജി. ലഭ്യതയിൽ നിയന്ത്രണങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. അപേക്ഷ സംവിധാനം: **അടിയന്തര ആവശ്യങ്ങൾക്കായി** htt-s://www.lptraceeala.in എന്ന വെബ്പോർട്ടൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

വാണിജ്യ എൽ.പി.ജി. ആവശ്യങ്ങൾക്കായി അപേക്ഷകൾ ഇവിടെ സമർപ്പിക്കാം. ജില്ലാ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി അപേക്ഷകൾ പരിശോധിച്ച് ആവശ്യകതയുടെ ആനുപാതികമായി ഗ്യാസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കും.

സാധാരണ ജനങ്ങൾക്ക് നിർദേശങ്ങൾ:

അനാവശ്യമായി എൽ.പി.ജി. സിലിണ്ടറുകൾ സംഭരിക്കരുത്. വ്യാജ വിപണി/ദുരുപയോഗം, കരിഞ്ചന്ത, അധിക വില ഈടാക്കൽ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുക. ഫോൺ നമ്പരുകൾ:

തിരുവനന്തപുരം (9188527315),
കൊല്ലം (9188527316)
പത്തനംതിട്ട (9188527317),
ആലപ്പുഴ (9188527318),
കോട്ടയം (9188527319),
ഇടുക്കി (9188527320),
എറണാകുളം (9188527321
തൃശൂർ (9188527322),
പാലക്കാട് (9188527323),
മലപ്പുറം (9188527324),
കോഴിക്കോട് (9188527325)
വയനാട് (9188527326),
കണ്ണൂർ (9188527327),
കാസർഗോഡ് (9188527328).

ജില്ലാതല നിയന്ത്രണ സംവിധാനം:

കലക്ടറുടെ അധ്യക്ഷതയിൽ ജില്ലാ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ പ്രവർത്തിക്കുന്നു. വിതരണ നിരീക്ഷണം, ആവശ്യാനുസരണം മുൻഗണനാ വിതരണം എന്നിവ ഉറപ്പാക്കും.

പി.എൻ.ജി. വിപുലീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കാൻ ജില്ലാ സപ്ലൈ ഓഫീസർ കൺവീനറായി പ്രത്യേക സമിതിയും നിലവിലുണ്ട്.

റിപ്പോർട്ടർ ചാനൽ ഉടൻ അടച്ചുപൂട്ടണം: സാബു എം.ജേക്കബ്

കൊച്ചി: കഴിഞ്ഞ രണ്ട് വർഷത്തിലധികമായി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന റിപ്പോർട്ടർ ചാനൽ കേന്ദ്രസർക്കർ ഉടൻ അടച്ചുപൂട്ടണമെന്ന് ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം.ജേക്കബ് വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. ഇന്ത്യയിൽ സാറ്റലൈറ്റ് ചാനൽ പ്രവർത്തിപ്പിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ സുരക്ഷാ ക്ലിയറൻസ് ആവശ്യമാണ്. നിരവധി ക്രിമിനൽ കേസുകളിൽ പ്രതികളായ അഗസ്റ്റ്യൻ സഹോദരന്മാർക്ക് ചാനൽ നടത്തിപ്പിനാവശ്യമായ സുരക്ഷാ ക്ലിയറൻസോ, ഇൻഫോർമേഷൻ ആന്റഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന്റെ അപ് ലിങ്കിംഗ്, ഡൗൺ ലിങ്കിംഗ് ലൈസെൻസോ അനുവദിച്ചിട്ടില്ല. റിപ്പോർട്ടർ ചാനലിന്റെ ഉടമസ്ഥാവകാശവും ലൈസൻസും ഇൻഡോ ഏഷ്യൻ ന്യൂസ് ചാനൽ പ്രൈവറ്റ് ലിമിറ്റഡിനും അതിന്റെ ഡയറക്ടർമാരായ എം.വി.നികേഷ് കുമാർ, റാണി വർഗീസ് എന്നിവർക്കാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. 2022 ലെ ബ്രോഡ്കാസ്റ്റിംഗ് മാർഗ്ഗനിർദേശങ്ങൾ ലംഘിച്ച് റിപ്പോർട്ടർ ടിവിയുടെ നടത്തിപ്പ് അവകാശം ക്രിമിനൽ കേസ് പ്രതികളായ അഗസ്റ്റ്യൻ സഹോദരങ്ങൾക്ക് നൽകിയതിന്റെ പേരിൽ ഇൻഫോർമേഷൻ ആന്റഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം ഇൻഡോ ഏഷ്യൻ ന്യൂസ്

ചാനൽ പ്രൈവറ്റ് ലിമിറ്റഡിനും നികേഷ് കുമാറിനും നൽകിയിരുന്ന സുരക്ഷാ ക്ലിയറൻസ് റദ്ദുചെയ്തു. കേന്ദ്ര സർക്കാരിനുവേണ്ടി കേരള ഹൈക്കോടതിയിൽ ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറലാണ് സുരക്ഷാ ക്ലിയറൻസ് റദ്ദാക്കിയ വിവരം കോടതിയെ അറിയിച്ചത്. സുരക്ഷാ ക്ലിയറൻസ് നഷ്ടമായാൽ സ്വമേധയാ ഈ ലൈസൻസും ഇല്ലാതാകും. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ സുരക്ഷാ ക്ലിയറൻസ് നഷ്ടപ്പെട്ട റിപ്പോർട്ടർ ചാനലിനെ ഒരു നിമിഷം പോലും പ്രവർത്തിപ്പിക്കാൻ അനുവദിക്കരുതെന്ന് അദ്ദേഹം

ആവശ്യപ്പെട്ടു. എം.വി.നികേഷ് കുമാറിന്റെ ഉടമസ്ഥതയിലുള്ള ചാനൽ ലൈസൻസിന്റെ മറവിൽ ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന്റെ അനുമതിയോ ലൈസൻസോ ഇല്ലാതെയാണ് അനേകം കേസുകളിൽ പ്രതികളായ അഗസ്റ്റ്യൻ സഹോദരന്മാരും കൂട്ടരും റിപ്പോർട്ടർ ചാനൽ നടത്തുന്നതെന്ന് കാട്ടി സാബു എം. ജേക്കബ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് പരാതി നൽകിയിട്ടും നടപടി ഉണ്ടാവാത്തതിനെ തുടർന്നാണ് സാബു എം. ജേക്കബ് ഹൈക്കോടതിയെ സമീപിച്ചത്. സാബു ജേക്കബിന്റെ ഹർജി പരിഗണിച്ച കോടതി കേന്ദ്രത്തിനോട് വിശദീകരണം തേടിയിരുന്നു. ഇന്നലെ കേസ് വീണ്ടും പരിഗണിച്ചപ്പോൾ ചാനൽ നടത്തിപ്പിനുള്ള സുരക്ഷാ ക്ലിയറൻസ് പിൻവലിച്ചതായും, ലൈസൻസ് റദ്ദാക്കാതിരിക്കാൻ ഏപ്രിൽ രണ്ടിന് മുമ്പ് കാരണം കാണിക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഇൻഫോർമേഷൻ ആന്റഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന് വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ കോടതിയെ അറിയിച്ചു.

സ്വർണവിലയിൽ വർധനവ്

മട്ടാഞ്ചേരി: സ്വർണം ഇന്നലെ രണ്ട് തവണ കൂടി. രാവിലെയും ഉച്ച കഴിഞ്ഞും പവന് 3400 രൂപ കൂടി ഗ്രാമിന് 13,525 രൂപ പവന് 108200 രൂപ.

രാജ്യാന്തര വില സ്വർണം ഔൺസിന് 4572 ഡോളറിൽ വ്യാപാരം തുടർന്നത് വൈകിട്ട് 4550 ഡോളറായി കുറഞ്ഞെങ്കിലും ആഭ്യന്തര വിലയിൽ കയറ്റമാണ് ഉണ്ടായത് വിനിമയ നിരക്കിൽ രൂപ 94.01 ലേക്ക് കയറിയെങ്കിലും വൈകീട്ട് രൂപ 93.82ലേക്ക് തിരിച്ച് ഇറങ്ങി. വെള്ളി ഗ്രാമിന് 10 രൂപ കൂടി ഗ്രാമിന് 260 രൂപ. ഇറാൻ -ഇസ്രായേൽ ആക്രമണം തുടർന്നതോടെയാണ് സ്വർണവില ഉയർന്നത്.

വിനിമയം

ഡോളർ	94.14
യൂറോ	109.15
പൗണ്ട്	126.14
സ്വിസ്ഫ്രാങ്ക്	119.24
സിംഗപ്പൂർ	73.60
ഓസ്ട്രേലിയൻ	65.51
കനേഡിയൻ	68.26
ബഹ്റൈൻ ദിനാർ	249.02
കുവൈത്ത് ദിനാർ	306.90
ഒമാനി റിയാൽ	244.04
സൗദി റിയാൽ	25.07
യു.എ.ഇ. ദിർഹം	25.59
ഖത്തർ റിയാൽ	25.76

വിലനിലവാരം

- **സ്വർണം: പവന് 1,08,200 രൂപ**

• വെളിച്ചെണ്ണ

വെളിച്ചെണ്ണ	26,900
വെളിച്ചെണ്ണ: മില്ലിങ്	27,400
കൊപ്ര	15,400-15,600

• പിണ്ണാക്ക്

എക്സ്പെല്ലർ	3800
പിണ്ണാക്ക് റോട്ടറി	4000

• കുരുമുളക്

അൺഗാർബിൾഡ്	68,900
പുതിയ കുരുമുളക്	67900
കുരുമുളക് ഗാർബിൾഡ്	70,900

• ചുക്ക്

മീഡിയം	28,000
ചുക്ക് ബെസ്റ്റ്	30,000

• മഞ്ഞൾ

നാടൻ	15,500-16,000
സേലംഈറോഡ്	ഇല്ല
കാഞ്ഞിരകുരു	1850
അടയ്ക്ക	39,000
അടയ്ക്ക പുതിയത്	39,000
പഞ്ചസാര	4300
മുളക്	19000
ഉഴുന്ന്	9600-10,700
ചെറുപയർ	10000-13,600
കടല	8100-10100
മുതിര	5000
എള്ള്	22,000
മല്ലി	7800-9200
പച്ചരി നമ്പർ.1	4700
പുഴുക്കലരി ജയ	4200-4500

• ജാതിക്ക

തൊണ്ടൻ	(കിലോ 250-280)
ജാതിക്ക തൊണ്ടില്ലാത്ത്	580-600
ജാതിപത്രിചുവപ്പ്മഞ്ഞ	1400-1700
ജാതി ഫ്ളവർ ചുവപ്പ്	1500-2200
ജാതി ഫ്ളവർ മഞ്ഞ	2000-2200
ഗ്രാമ്പൂ	800-900

• റബർ

ആർഎസ്എസ് 5	21,600
ആർഎസ്എസ് 4	22,000
ഒട്ടുപാൽ	13,900
ലാറ്റക്സ്	14,300

• കാലടി വിപണി

ജാതിക്കതൊണ്ടൻ-കിലോ-250-280
ജാതിക്കതൊണ്ടില്ലാത്ത്-580-600
ജാതിപത്രിചുവപ്പ്മഞ്ഞ-1400-1700
ഫ്ളവർ ചുവപ്പ്മഞ്ഞ-1500-2200

• സ്വർണം

സ്വർണം പവൻ	1,08,200
സ്വർണം ഗ്രാം	13,525

സ്വർണം അവധി വ്യാപാരം

ഏപ്രിൽ	144915
ജൂൺ	148200

റബർ ബോർഡ്

• കോട്ടയം

ആർ.എസ്.എസ്.4	21,700
ആർ.എസ്.എസ്.5	21,200
ഐ.എസ്.എൻ.ആർ-20	18600
ലാറ്റക്സ് 60%	15215

• കൊച്ചി

ആർഎസ്എസ്-4	21,700
ആർഎസ്എസ്-5	21200

• ബാങ്കോക്ക്

ആർ.എസ്.എസ്. 1	24073
ആർ.എസ്.എസ്. 2	23902
ആർ.എസ്.എസ്. 3	23746
ആർ.എസ്.എസ്. 4	23660
ആർ.എസ്.എസ്. 5	23617

• ക്വലാലംപൂർ

എസ്.എം.ആർ-20	18,380
ലാറ്റക്സ് 60%	16,317

• ആലപ്പുഴ മാർക്കറ്റ്

വെളിച്ചെണ്ണ	27000-27500
കൊപ്ര തെളിവ്	15200
കൊപ്ര ഓടെ	15250
കൊപ്ര രാശി	15300
സ്വർണം ഒരു ഗ്രാം	13445
സ്വർണം എട്ടു ഗ്രാം	107560
തങ്കം 10 ഗ്രാം	137450
വെള്ളി ഒരു കിലോ	250000